# മലങ്കര സുറിയാനി കത്തോലിക്കാസഭ

16 2011 സെപ്റ്റംബർ ലക്കം 09

# ലോകമിഷൻ ഞായർ – 2011

## മാർപാപ്പയുടെ സന്ദേശം

''പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു'' (യോഹ 20:21). "ആദിമക്രിസ്ത്യാനികൾക്കുണ്ടായിരുന്ന അതേ ആവേശത്തോടെ'' സുവിശേഷം പ്രഘോഷിക്കാനുള്ള സമർപ്പണം പുതുക്കുക അത്യാവശ്യമാണെന്ന് വന്ദ്യനായ ജോൺ പോൾ രണ്ടാമൻ മാർപാപ്പ നവീന സഹസ്രാബ്ദത്തിന്റെ ആരംഭത്തിൽ, രണ്ടായിരം വർഷത്തെ ജൂബിലി ആഘോഷിച്ച സന്ദർഭത്തിൽ, ശക്തിയുക്തം ആവർത്തിച്ചു പറഞ്ഞു (നോവോമില്ലേനിയോ ഇനേവുന്തേ, നമ്പർ 58). മനുഷ്യ സമൂഹത്തിനും തന്റെ അസ്തിത്വം പൂർണമായി ജീവിക്കാനുള്ള അഗാധമായ കാരണങ്ങൾ അന്വേഷിക്കുന്ന ഓരോ വ്യക്തിക്കും നല്കാൻ സഭയ്ക്കു സാധിക്കുന്ന ഏറ്റവും വിലപ്പെട്ട സേവനമാണത്. ഇക്കാരണത്താൽ അതേക്ഷണം ലോകമിഷൻ ഞായർ ആഘോഷത്തിൽ പ്രതിധ്വനിക്കുന്നു. യഥാർത്ഥത്തിൽ അവിരാമമായ സുവിശേഷപ്രഘോഷണം സഭയെ സജീവമാക്കുന്നുണ്ട്. സഭയുടെ തീക്ഷ്ണതയും പ്രേഷിത ചൈതന്യവും സജീവമാക്കപ്പെടുന്നുമുണ്ട്. അത് സഭയുടെ അജപാലനരീതികളെ നവീകരിക്കുന്നു. അവ പുതിയ സാഹചര്യങ്ങൾക്കും – നവസുവിശേഷവത്കരണം ആവശ്യമായിരിക്കുന്ന സാഹചര്യങ്ങൾക്കും – കൂടുതൽ യോജിച്ചതായിരിക്കാൻ വേണ്ടിയാണ് അങ്ങനെ ചെയ്യുന്നത്. അജപാലനരീതികൾ പ്രേഷിത പ്രചോദനത്താൽ സജീവമാക്കുകയെന്ന ലക്ഷ്യവും അതിനുണ്ട്.

“മിഷൻ സഭയെ നവീകരിക്കുന്നു. വിശ്വാസത്തെയും ക്രൈസ്തവ തനിമയെയും ശക്തിപ്പെടുത്തുന്നു. പുതിയ ആവേശവും പുതിയ ലക്ഷ്യങ്ങളും നല്കുന്നു. വിശ്വാസം അതു നല്കുന്നതു വഴി ശക്തമാക്കപ്പെടുന്നു. സാർവത്രിക മിഷനോടുള്ള സമർപ്പണത്തിൽ ക്രൈസ്തവ ജനതകളുടെ നവസുവിശേഷവത്കരണം പ്രചോദനവും പിന്തുണയും കണ്ടെത്തും” (നമ്പർ 2).

**പോകുവിൻ പ്രഘോഷിക്കുവിൻ**

ഈ ലക്ഷ്യം ലിറ്റർജിയുടെ ആഘോഷത്തിൽ നിരന്തരമായി പുനരുജ്ജീവിപ്പിക്കപ്പെടുന്നുണ്ട്. പ്രത്യേകിച്ച് ദിവ്യബലിയിൽ അങ്ങനെ ചെയ്യുന്നു. ദിവ്യബലി (ലത്തീൻ ക്രമത്തിൽ) എപ്പോഴും അവസാനിക്കുന്നത് ഉത്ഥിതനായ യേശു അപ്പസ്തോലന്മാർക്കു നല്കിയ “പോകുവിൻ”.... (മത്തായി 28:19) എന്ന കല്പനയോടു കൂടിയാണല്ലോ. ലിറ്റർജി എപ്പോഴും ലോകത്തിൽ നിന്നു വിളിച്ചു വരുത്തലും ലോകത്തിലേക്കുള്ള അയയ്ക്കലുമാണ്. അനുഭവിച്ചതെന്തോ അതിനു സാക്ഷ്യം നല്കാനാണ് അയയ്ക്കുന്നത്. ദൈവവചനത്തിന്റെ രക്ഷാകരമായ ശക്തി - ക്രിസ്തുവിന്റെ പെസഹാരഹസ്യത്തിന്റെ രക്ഷാകരമായശക്തി - ആണ് അനുഭവിച്ചറിഞ്ഞത്. ഉത്ഥിതനായ കർത്താവിനെ കണ്ടുമുട്ടിയ എല്ലാവർക്കും, എമ്മാവൂസിലെ രണ്ടു ശിഷ്യന്മാർക്കെന്നപോലെ, കർത്താവിനെപ്പറ്റി മറ്റുള്ളവരോടു പ്രഘോഷിക്കുക ആവശ്യമാണെന്നത് തോന്നും. ആ ശിഷ്യന്മാർ അപ്പം മുറിക്കലിൽ കർത്താവിനെ തിരിച്ചറിഞ്ഞതിന് ശേഷം “അപ്പോൾ തന്നെ എഴുന്നേറ്റ് ജറുസലേമിലേയ്ക്ക് തിരിച്ചു പോയി, അവിടെ കൂടിയിരുന്ന പതിനൊന്നു പേരെയും കണ്ടു”. വഴിയിൽ വച്ചു സംഭവിച്ചത് അവരോടു പറയുകയും ചെയ്തു (ലൂക്കാ 24:33-34). ജോൺപോൾ രണ്ടാമൻ മാർപാപ്പ ഇങ്ങനെ ആഹ്വാനം ചെയ്തു. “അവിടത്തെ മുഖം തിരിച്ചറിയാനും നമ്മുടെ സഹോദരങ്ങളുടെയടുത്തേക്ക് ഓടിച്ചെന്ന് അവരോട് മഹാസന്ദേശം അറിയിക്കാനും ജാഗ്രതയുള്ളവരും സന്നദ്ധരുമായിരിക്കണം. ആ സന്ദേശമാകട്ടെ ‘ഞങ്ങൾ കർത്താവിനെ കണ്ടു’ എന്നതാണ് (നോവോ മില്ലേനിയോ ഇനേവുന്തേ, നമ്പർ 59).

## എല്ലാവരോടും

എല്ലാ ജനതകളും സുവിശേഷപ്രഘോഷണത്തിന്റെ സ്വീകർത്താക്കളാണ്. സഭ "പ്രകൃത്യാ പ്രേഷിതയാണ്. എന്തെന്നാൽ പിതാവായ ദൈവത്തിന്റെ പദ്ധതിയനുസരിച്ച് പുത്രനെയും പരിശുദ്ധാത്മാവിനെയും അയച്ചുവെന്ന വസ്തുതയിൽ നിന്നാണ് അത് ഉത്ഭവിച്ചത്." ("ആദ്ജെന്തെസ്, നമ്പർ 2). ഇത് "സഭയുടെ തനതായ സന്തോഷവും വിളിയുമാണ്, അവളുടെ ഏറ്റവും അഗാധമായ തനിമയാണ്. അവൾ നിലകൊള്ളുന്നത് സുവിശേഷവത്കരിക്കാനാണ് (പോൾ ആറാമൻ, "എവിഞ്ചെലീ നൂൺസ്യാന്തി," നമ്പർ 14). തത്ഫലമായി സഭയ്ക്ക് ഒരിക്കലും തന്നിൽ തന്നെ അടച്ചുപൂട്ടിയിരിക്കാൻ കഴിയുകയില്ല. അവൾ ചില സ്ഥലങ്ങളിൽ വേരുറപ്പിക്കുന്നത് ആ സ്ഥലങ്ങൾക്കപ്പുറത്തേക്ക് പോകാനാണ്. ക്രിസ്തുവിന്റെ വാക്കിനോട് ഉറ്റബന്ധം പുലർത്തുന്നതും അവിടുത്തെ കൃപയുടെയും സ്നേഹത്തിന്റെയും സ്വാധീനത്തിൽ പെട്ടതുമാണ് സഭയുടെ പ്രവർത്തനം. അത് എല്ലാ മനുഷ്യർക്കും എല്ലാ ജനതകൾക്കും പൂർണമായും വസ്തുനിഷ്ഠമായും സന്നിഹിതമാക്കപ്പെടുന്നു. അവരെ ക്രിസ്തുവിലുള്ള വിശ്വാസത്തിലേയ്ക്കു നയിക്കുന്നതിനാണത് (CF "ആദ്ജെന്തെസ്", നമ്പർ 5).

ഈ ദൗത്യത്തിന് അതിന്റെ അടിയന്തിര സ്വഭാവം നഷ്ടപ്പെട്ടിട്ടില്ല. നേരേമറിച്ച്, സഭയെ ഭരമേല്പിച്ചിരിക്കുന്ന രക്ഷകനായ ക്രിസ്തുവിന്റെ മിഷൻ ഇനിയും പൂർത്തിയായിട്ടില്ല... മനുഷ്യവംശത്തെ ആഗോളവ്യാപകമായി നോക്കിക്കാണുമ്പോൾ ഈ മിഷൻ ഇപ്പോഴും തുടക്കത്തിൽത്തന്നെ നിൽക്കുന്നുവെന്നു മനസ്സിലാകും. അതിന്റെ സേവനത്തിനായി നമ്മുടെ മുഴുവൻ ഊർജ്ജത്തോടും കൂടി നാം സ്വയം സമർപ്പിക്കണമെന്നും മനസ്സിലാകും (ജോൺ പോൾ രണ്ടാമൻ, "രക്ഷകന്റെ മിഷൻ", നമ്പർ 1). രണ്ടായിരം വർഷം കഴിഞ്ഞിട്ടും ക്രിസ്തുവിനെ അറിയാത്തവരും അവിടത്തെ രക്ഷാകരസന്ദേശം ശ്രവിക്കാത്തവരുമായ ജനതകൾ ഉണ്ട്. ഈ ചിന്തയുടെ മുമ്പിൽ നമുക്ക് നിഷ്ക്രിയരായിരിക്കാൻ സാധ്യമല്ല.

ഇതുമാത്രമല്ല, സുവിശേഷപ്രഘോഷണം സ്വീകരിച്ചിട്ടും അതു മറക്കുകയും ഉപേക്ഷിക്കുകയും ചെയ്യുന്നവരുടെ സമൂഹം വർദ്ധിച്ചുകൊണ്ടിരിക്കുന്നുവെന്ന വസ്തുതയുമുണ്ട്. അവർ സഭയിൽപ്പെട്ടവരായി കരുതുന്നുമില്ല. ഒരു സാംസ്കാരിക പരിവർത്തനം നടന്നുകൊണ്ടിരിക്കുന്നു. ആഗോളവത്കരണം അതിന് ഇന്ധനം നല്കികൊണ്ടിരിക്കുന്നു. ചില ചിന്താപ്രസ്ഥാനങ്ങളും പ്രബലപ്പെടുന്ന ആപേക്ഷികതാവാദവു (relativism)മാണ് ആ പരിവർത്തനത്തിന്റെ പിന്നിൽ. സുവിശേഷസന്ദേശം കൂടാതെ ജീവിക്കാൻ, ദൈവമില്ലെന്ന ഭാവത്തിൽ കഴിയാൻ, പ്രേരിപ്പിക്കുന്ന ഒരു മനോഭാവവും ജീവിതശൈലിയും ആ പരിവർത്തനത്തിന് ഇടയാക്കുന്നു. ധാർമ്മിക നിയമങ്ങളെ തള്ളിക്കളയുകപോലും ചെയ്തുകൊണ്ട് നേടുന്ന ക്ഷേമവും സുകരമായ സമ്പാദനവും തൊഴിലും വിജയങ്ങളും ജീവിതലക്ഷ്യമായി കരുതുന്നു.

## സകലരുടെയും സഹോത്തരവാദിത്വം

സാർവത്രിക മിഷൻ എല്ലാവരെയും എല്ലാ വസ്തുക്കളെയും എപ്പോഴും ഉൾക്കൊള്ളുന്നു. സുവിശേഷം അതു സ്വീകരിച്ചവനു മാത്രമുള്ള നന്മയല്ല. അതു പങ്കു വയ്ക്കപ്പെടേണ്ട ദാനമാണ്. പകർന്നു നല്കേണ്ട സദ്വാർത്തയാണ്. ദാനം ചെയ്യാനുള്ള ഈ കടമ ചുരുക്കം ചിലരെ മാത്രം ഭരമേല്പിക്കപ്പെട്ടതല്ല. ഇത് മാമ്മോദീസ സ്വീകരിച്ച സകലരുടെയും കടമയാണ്. മാമ്മോദീസ സ്വീകരിച്ചവർ അവിടത്തെ വിസ്മയനീയ കൃത്യങ്ങൾ പ്രഘോഷിക്കാൻ വേണ്ടി "തിരഞ്ഞെടുക്കപ്പെട്ട ജനമാണ്, വിശുദ്ധ ജനമാണ്, ദൈവത്തിന്റെ തന്നെ ജനമാണ്" (1 പത്രോ 2:9).

എല്ലാ പ്രവർത്തനങ്ങളെയും അതിൽ ഉൾക്കൊള്ളുന്നു. സഭ ലോകത്തിൽ നടത്തുന്ന സുവിശേഷവത്കരണ പ്രവർത്തനത്തിൽ ശ്രദ്ധിക്കുകയും സഹകരിക്കുകയും ചെയ്യുകയെന്നത് ചുരുക്കം ചില നിമിഷങ്ങളിലോ സന്ദർഭങ്ങളിലോ ഒതുക്കി നിറുത്താൻ പാടില്ല. അനേകം അജപാലനപ്രവർത്തനങ്ങളിൽ ഒന്നുമാത്രമായി കരുതാനും പാടില്ല. സഭയുടെ മിഷണറിമാരും സാരാംശപരമായിട്ടുള്ളതാണ്. അതുകൊണ്ട് അത് എല്ലായ്പ്പോഴും സന്നിഹിതമായി സൂക്ഷിക്കണം. അതുകൊണ്ട്, മാമ്മോദീസ സ്വീകരിച്ച ഓരോ

വ്യക്തിയും സഭാസമൂഹവും വല്ലപ്പോഴും മാത്രം പ്രേഷിതവേലയിൽ താത്പര്യം കാണിച്ചാൽ പോരാ. ആ താത്പര്യം സ്ഥിരമായിരിക്കണം. അത് ക്രൈസ്തവ ജീവിതരീതിപോലെയായിരിക്കണം. മിഷൻ ദിവസം ഒരു വർഷത്തിലെ ഒറ്റപ്പെട്ട ഒരു നിമിഷമായിരിക്കരുത്. പിന്നെയോ പ്രേഷിതത്വത്തിനുള്ള വിളിയോട് നാം എങ്ങനെ പ്രത്യുത്തരിക്കുന്നുവെന്ന് ചിന്തിക്കാനുള്ള ഒരു നിമിഷമായിരിക്കണം. സഭയുടെ ജീവിതത്തിനു വേണ്ടിയുള്ള സാരാംശപരമായ ഒരു പ്രത്യുത്തരമായിരിക്കണം.

**ആഗോള സുവിശേഷവത്കരണം**

സുവിശേഷവത്കരണം ഒരു സങ്കീർണ പ്രക്രിയയാണ്. അതിൽ പല ഘടകങ്ങളുമുണ്ട്. അവയിൽ, മിഷണറി പ്രചോദനത്തെ സംബന്ധിച്ചിടത്തോളം, ഐക്യദാർഢ്യത്തിനു പ്രത്യേകമായ ശ്രദ്ധ നല്കിയിരുന്നു. ലോകമിഷൻ ഞായറിന്റെ ലക്ഷ്യങ്ങളിൽ ഒരെണ്ണവുമാണത്. അതനുസരിച്ച് മിഷൻ പ്രദേശങ്ങളിൽ സുവിശേഷവത്കരണത്തിന്റെ കടമകൾ നിർവഹിക്കുന്നതിന് പേപ്പൽ മിഷണറി അസോസിയേഷനുകൾ വഴി സഹായം അഭ്യർത്ഥിക്കുന്നു. ഉപദേശികൾ, സെമിനാരികൾ, വൈദികർ എന്നിവർ വഴി സഭ സ്ഥാപിക്കാനും സ്ഥിരീകരിക്കാനും അത്യാവശ്യമായിരിക്കുന്ന സ്ഥാപനങ്ങളെ പിന്താങ്ങാനുള്ള ഒരു ശ്രമം നടത്തുന്നു. മാത്രമല്ല ദാരിദ്ര്യം, പോഷകാഹാരക്കുറവ്, പ്രത്യേകിച്ച് കുട്ടികളിലുള്ളത്, രോഗങ്ങൾ, ആരോഗ്യപാലന - വിദ്യാഭ്യാസ സേവനങ്ങളുടെ അഭാവം എന്നിവ തീവ്രമായി അനുഭവപ്പെടുന്ന രാജ്യങ്ങളിലെ വ്യക്തികളുടെ ജീവിതാവസ്ഥ മെച്ചപ്പെടുത്തുന്നതിനുള്ള സംഭാവന നല്കാനും പരിശ്രമിക്കുന്നുണ്ട്. ഇതും സഭയുടെ പ്രേഷിത പ്രവർത്തനത്തിൽ പെടുന്നു.

സഭ സുവിശേഷം പ്രഘോഷിക്കുമ്പോൾ മനുഷ്യജീവിതത്തെ അതിന്റെ പൂർണമായ അർത്ഥത്തിൽ ഗൗരവപൂർവം പരിഗണിക്കുന്നു. മനുഷ്യസമുദ്ധാരണം, നീതി, എല്ലാത്തരത്തിലുമുള്ള ഞെരുക്കത്തിൽ നിന്നുള്ള വിമോചനം, വ്യക്തമായും രാഷ്ട്രീയമണ്ഡലത്തിലെ സ്വാതന്ത്ര്യം എന്നീ വിഷയങ്ങൾ സുവിശേഷവത്കരണത്തിൽ അവഗണിക്കുകയെന്നത് അസ്വീകാര്യമാണെന്ന് ദൈവദാസനായ പോൾ ആറാമൻ മാർപാപ്പ ആവർത്തിച്ച് ഉറപ്പിച്ചു പറഞ്ഞിട്ടുണ്ട്. മനുഷ്യവംശത്തിന്റെ ഭൗതികപ്രശ്നങ്ങളോടു നിസ്സംഗത പുലർത്തുകയെന്നത് "സഹിക്കുന്നവനും ആവശ്യത്തിൽപെട്ട

വനുമായ നമ്മുടെ അയൽക്കാരനോടുള്ള സ്നേഹത്തെസംബന്ധിച്ച് സുവിശേഷത്തിൽ നിന്നു നമുക്കു ലഭിച്ച സന്ദേശത്തെ മറന്നുകളയലാണ്." ("എവാഞ്ചെലീ നൂൺസ്യാന്തി" നമ്പർ 31). അത് യേശുവിന്റെ പെരുമാറ്റത്തിനു ചേർന്നതല്ല. അവിടന്ന് "അവരുടെ സിനഗോഗുകളിൽ പഠിപ്പിച്ചും രാജ്യത്തിന്റെ സുവിശേഷം പ്രസംഗിച്ചും എല്ലാ രോഗങ്ങളും വ്യാധികളും സുഖപ്പെടുത്തിയും എല്ലാ നഗരങ്ങളിലും ഗ്രാമങ്ങളിലും ചുറ്റി സഞ്ചരിച്ചു" (മത്താ 9: 35).

അങ്ങനെ, സഭയുടെ മിഷനിൽ സഹോത്തരവാദിത്വപരമായ ഭാഗഭാഗിത്വം വഴി ക്രൈസ്തവൻ ക്രിസ്തു നമുക്കു നല്കിയ സംസർഗത്തിന്റെയും സമാധാനത്തിന്റെയും ഐക്യദാർഢ്യത്തിന്റെയും സ്രഷ്ടാവായിത്തീരുന്നു. മുഴുവൻ മനുഷ്യവംശത്തിനും വേണ്ടിയുള്ള ദൈവത്തിന്റെ രക്ഷാകരപദ്ധതിയുടെ സാക്ഷാത്കാരത്തിൽ സഹകരിക്കുകയും ചെയ്യുന്നു. അതു നേരിടുന്ന വെല്ലുവിളികൾ ക്രൈസ്തവർ മറ്റുള്ളവരോടൊപ്പം നടക്കണമെന്നും മിഷൻ എന്നത് ഈ പാതയുടെ ഒരു മൗലികഘടകമായിരിക്കണമെന്നും വ്യക്തമാക്കുന്നു. അതിൽ നാം നമ്മുടെ ക്രൈസ്തവവിളിയെ, സുവിശേഷമെന്ന അമൂല്യനിധിയെ, കളിമൺപാത്രത്തിലാണെങ്കിലും വഹിക്കുന്നു. മരിച്ച് ഉത്ഥാനം ചെയ്ത, സഭയിൽ കണ്ടുമുട്ടപ്പെടുകയും വിശ്വസിക്കപ്പെടുകയും ചെയ്ത ക്രിസ്തുവിനെക്കുറിച്ചുള്ള സാക്ഷ്യം നാം നിർവഹിക്കുന്നു. എല്ലാവർക്കുമായി ക്രിസ്തുവിനെ വഹിച്ചുകൊണ്ട് മനുഷ്യവംശത്തെ കണ്ടുമുട്ടാൻ വേണ്ടി "പോകുന്നതിനുള്ള" ആഗ്രഹവും അതിലുള്ള സന്തോഷവും ഈ ലോകമിഷ്യൻ ഞായർ പുനരുജ്ജീവിപ്പിക്കട്ടെ. അവിടത്തെ നാമത്തിൽ എല്ലാവർക്കും, പ്രത്യേകിച്ച് സുവിശേഷത്തിനു വേണ്ടി കഠിനാധ്വാനം ചെയ്യുകയും സഹിക്കുകയും ചെയ്യുന്നവർക്ക്, ഞാൻ ഹൃദയപൂർവ്വം അപ്പസ്തോലികാശീർവാദം നല്കുന്നു.

വത്തിക്കാനിൽ നിന്ന്, 6 ജനുവരി 2011, കർത്താവിന്റെ പ്രത്യക്ഷീകരണത്തിരുനാൾദിനം

**ബെനഡിക്ട് 16–ാമൻ മാർപാപ്പ**

ദൈവകൃപയാലും തിരുസിംഹാസനത്തിന്റെ
അംഗീകാരത്താലും
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
**മേജർ ആർച്ചുബിഷപ്പ്– കാതോലിക്കോസ്**
**മോറാൻ മോർ ബസേലിയോസ് ക്ലീമീസ് ബാവായിൽ**
നിന്നും നമ്മുടെ അധികാരത്തിൻകീഴിലുള്ള
മേൽപ്പട്ടക്കാർക്കും
കോർ എപ്പിസ്ക്കോപ്പാമാർക്കും റമ്പാന്മാർക്കും
പട്ടക്കാർക്കും ശെമ്മാശ്ശഗണത്തിനും സന്യസ്തർക്കും
വിശ്വാസികളേവർക്കും വാഴ്വ്.

Prot. No. CPL 2/2011

**സ്വയംഭൂവും സർവ്വശക്തനും ആദ്യന്തമില്ലാത്തവനും**
**സാരാംശത്തിൽ സമത്വമുള്ളവനുമായ**
**ത്രീയേക ദൈവത്തിനു സ്തുതി.**

## 81–ാം പുനരൈക്യ വാർഷികവും
## കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശയും

അഭിവന്ദ്യ പിതാക്കന്മാരേ, വന്ദ്യ കോറെപ്പിസ്ക്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളേ!

വാഴ്ത്തപ്പെട്ട ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പ 2005–ൽ മലങ്കര സുറിയാനി കത്തോലിക്കാ സഭയെ മേജർ ആർക്കി എപ്പിസ്ക്കോപ്പൽ സഭയായി ഉയർത്തിയത് നമ്മെ ഏവരേയും സംബന്ധിച്ച് വലിയ

സന്തോഷത്തിന്റെയും ചാരിതാർത്ഥ്യത്തിന്റെയും അഭിമാനത്തിന്റെയും അനുഭവമായിരുന്നല്ലോ. പരിശുദ്ധ സുന്നഹദോസായി വളർന്ന നമ്മുടെ ഭരണ സംവിധാനത്തിന്റെയും സഭയുടെ പൊതുവായ ക്രമീകരണങ്ങളുടെയും ഒരാസ്ഥാന കാര്യാലയം നമുക്കാവശ്യമായിരുന്നു. തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിന്റെ പട്ടം സെന്റ് അലോഷ്യസ് മൈനർ സെമിനാരിയിലാണ് സഭയുടെ ആസ്ഥാന കാര്യാലയം പ്രവർത്തിച്ചു തുടങ്ങിയത്. 2005-ൽത്തന്നെ ആസ്ഥാനകാര്യാലയത്തിനുള്ള ആലോചനകൾ ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് കാതോലിക്കാ ബാവാ തിരുമേനി നടത്തുകയും കെട്ടിടത്തിന്റെ പ്ലാൻ അംഗീകരിക്കുകയും ചെയ്തിരുന്നു. പൗരസ്ത്യ തിരുസംഘത്തിന്റെ അന്നത്തെ അദ്ധ്യക്ഷൻ അത്യുന്നത പാത്രിയാക്കീസ്-കർദ്ദിനാൾ ഇഗ്നാസ് മൂസാ ദാവൂദ് തിരുമനസ്സുകൊണ്ട് 2005 മെയ് 15 ന് കാതോലിക്കേറ്റ് സെന്ററിന്റെ അടിസ്ഥാനശില ആശീർവദിക്കുകയുണ്ടായി. ഭാഗ്യസ്മരണാർഹനായ സിറിൽ ബസേലിയോസ് ബാവാ തിരുമേനി വലിയ നേതൃത്വവും കരുതലും ഈ വിഷയത്തിൽ പ്രകടമാക്കുകയുണ്ടായി. വന്ദ്യ ബാവാ തിരുമേനിയെ ഏറ്റം കൃതജ്ഞതയോടെ സ്മരിക്കുന്നു.

2007-ൽ സഭയുടെ ചുമതല ഞാൻ ഏറ്റെടുത്തതിനുശേഷം ജൂലൈ 14 ന് മാർ ഈവാനിയോസ് തിരുമേനിയെ ദൈവദാസനായി പ്രഖ്യാപിച്ച ദിവസം കെട്ടിടത്തിന്റെ അടിസ്ഥാനശില പ്രതിഷ്ഠിക്കുകയുണ്ടായി. ഇപ്പോൾ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്നു. കാതോലിക്കേറ്റ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ സാമ്പത്തികമായി നമ്മെ സഹായിച്ച എല്ലാവരേയും നന്ദിയോടെ ഓർക്കുന്നു. പ്രത്യേകിച്ച് നമ്മുടെ വിവിധ ഭദ്രാസനങ്ങളെയും സന്യാസസമൂഹങ്ങളെയും കുടുംബങ്ങളെയും വ്യക്തികളെയും ഉപകാരികളെയും ഹൃദയപൂർവ്വം കൃതജ്ഞതയോടെ ഓർക്കുന്നു. അവർക്കെല്ലാം നന്ദിയർപ്പിക്കുന്നു.

പുനരൈക്യ പ്രസ്ഥാനത്തിന്റെ 81-ാം വാർഷികത്തിന്റെ ഭാഗമായി 2011 സെപ്റ്റംബർ 21-ാം തീയതി പുതിയ കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശ നിർവഹിക്കപ്പെടുന്നതാണ്. അന്നേദിവസം രാവിലെ 8.30 ന് പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് ആഘോഷമായ വിശുദ്ധ സമൂഹബലി, പൊതു സമ്മേളനം ഇവയെ തുടർന്നാണ് കൂദാശ. സ്നേഹവിരുന്നോടുകൂടി ചടങ്ങുകൾ സമാപിക്കും. നമ്മുടെ സഭയുടെ ആസ്ഥാന കാര്യാലയമായ കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശയിലും മറ്റു ചടങ്ങുകളിലും സംബന്ധിക്കുവാൻ നിങ്ങളെ ഏവരേയും ഞാൻ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

81-ാം പുനരൈക്യ വാർഷിക ആഘോഷങ്ങൾ സെപ്റ്റംബർ 18, 19, 20 തീയതികളിൽ പട്ടം കത്തീഡ്രൽ ദൈവാലയാങ്കണത്തിൽ വച്ചു നടക്കുന്ന മലങ്കര കത്തോലിക്കാ കൺവൻഷനോടുകൂടി ആരംഭിച്ച് കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശയോടുകൂടി സമാപിക്കുന്നതാണ്. സെപ്റ്റംബർ മാസം 21-ാം തീയതി ഉച്ച കഴിഞ്ഞ് മൂന്നു മണിയോടുകൂടി നമ്മുടെ സഭയുടെ പ്രഥമ അസംബ്ലി കാതോലിക്കേറ്റ് സെന്ററിൽ ആരംഭിക്കുന്നതും 23-ാം തീയതി ഉച്ച കഴിഞ്ഞ് നാലു മണിക്ക് അവസാനിക്കുന്നതുമാണ്. നമ്മുടെ സഭയിലെ 180 പ്രതിനിധികളാണ് അസംബ്ലിയിൽ പങ്കെടുക്കുന്നത്. അസംബ്ലിയെ തുടർന്ന് 23 ന് വൈകുന്നേരം തുടങ്ങുന്ന പരിശുദ്ധ സുന്നഹദോസ്, അസംബ്ലി നിർദ്ദേശങ്ങൾ പഠിക്കുന്നതും 'സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാസഭ' എന്ന വിഷയം പ്രായോഗികമായി ആവിഷ്കരിക്കുന്നതിനുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതുമാണ്. നിങ്ങളേവരും നമ്മുടെ അസംബ്ലിയുടെ ദൈവിക നടത്തിപ്പിനായി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഞാൻ ഓർമ്മപ്പെടുത്തുന്നു. നമ്മുടെ സഭമുഴുവൻ കൂടുതൽ മിഷൻ ചൈതന്യത്തോടുകൂടി പ്രവർത്തിക്കേണ്ടതും സാക്ഷ്യം നല്കേണ്ടതുമായ സാഹചര്യത്തിലാണ് നാം ജീവിക്കുന്നത്. "ഞാൻ സുവിശേഷം പ്രസംഗിക്കുന്നെങ്കിൽ അതിൽ എനിക്ക് അഹംഭാവത്തിന് വകയില്ല. അത് എന്റെ കടമയാണ്. ഞാൻ സുവിശേഷം പ്രസംഗി

ക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം!" (1 കോറി. 9:16) എന്ന പൗലോസ് അപ്പസ്തോലന്റെ വാക്കുകൾ നമുക്ക് ഹൃദയത്തിൽ സ്വാംശീകരിച്ച് പ്രവർത്തിക്കാം.

ദൈവം നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കട്ടെ.

ആയത് ദൈവമാതാവായ പരിശുദ്ധ കന്യകാമറിയത്തിന്റെയും, അപ്പസ്തോല സമൂഹത്തിന്റെയും, വിശിഷ്യാ നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും, സകലവിശുദ്ധരുടെയും പ്രാർത്ഥന കളാൽ തന്നെ, ആമ്മീൻ.

എന്ന്,

കർത്താവിൽ നിങ്ങളുടെ വിനീത ശുശ്രൂഷി

+Baselios Cleemis

**✠ മോറാൻ മോർ ബസേലിയോസ് ക്ലീമിസ്**
മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
മേജർ ആർച്ചുബിഷപ്പ് - കാതോലിക്കാ ബാവാ

30.08.2011
കാതോലിക്കേറ്റ് സെന്റർ
പട്ടം, തിരുവനന്തപുരം

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ........

N.B: ഈ കല്പന അടുത്തു വരുന്ന ഞായറാഴ്ച വി. കുർബാന മദ്ധ്യേ നമ്മുടെ എല്ലാ പള്ളികളിലും, മിഷൻ കേന്ദ്രങ്ങളിലും ആരാധനാകേന്ദ്ര ങ്ങളിലും വായിക്കേണ്ടതാണ്.

# യേശുക്രിസ്തുവിലുള്ള വിശ്വാസം ആവേശത്തോടും ഉത്സാഹത്തോടും പ്രഘോഷിക്കണം: പരി. ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ദൈവശാസ്ത്ര കമ്മീഷന്റെ ആഭിമുഖ്യത്തിൽ "**നവസുവിശേഷവത്ക്കരണം ക്രിസ്തീയ വിശ്വാസ കൈമാറ്റത്തിന്**" എന്ന വിഷയത്തിൽ നാലാഞ്ചിറ മലങ്കര സെമിനാരിയിൽ നടന്ന ദ്വിദിന ദൈവശാസ്ത്ര പഠനശിബിരം പരിശുദ്ധ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവാ ഉദ്ഘാടനം ചെയ്തു. "യേശുക്രിസ്തുവിലുള്ള വിശ്വാസം ആവേശത്തോടും ഉത്സാഹത്തോടും പ്രഘോഷിക്കണം" എന്ന് കാതോലിക്കാബാവാ ആഹ്വാനം ചെയ്തു. "യേശുക്രിസ്തുവിലുള്ള നമ്മുടെ വിശ്വാസം സഭയിലൂടെ ലോകത്തിൽ ജീവിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള നവസമർപ്പണമാണ് നവസുവിശേഷവത്ക്കരണം. മാറിവരുന്ന സാഹചര്യങ്ങളിൽ ക്രിസ്തീയ വിശ്വാസം എങ്ങനെ ജീവിക്കാമെന്നും കൈമാറാമെന്നും ഒരു സഭയായി നാം വിചിന്തനം ചെയ്യണം. കുറ്റമില്ലാത്തതും ശ്ലൈഹികവുമായ വിശ്വാസം പാലിക്കുകയും ഭരമേൽപ്പിക്കുകയും ചെയ്യുക എന്നതാണ് ക്രിസ്ത്യാനിയുടെ ദൗത്യം. ജനാധിപത്യ വ്യവസ്ഥിതിയുടെ നിലനിൽപ്പും പരിപാലനവും ഈ ക്രിസ്തീയ മൂല്യങ്ങളുടെ സംവേദനത്തിന് അനിവാര്യമാണ്" എന്ന് പരി. കാതോലിക്കാബാവാ കൂട്ടിച്ചേർത്തു.

ഉദ്ഘാടന സമ്മേളനത്തിൽ റവ. ഡോ. ചെറിയാൻ കോട്ടയിൽ സ്വാഗതമാശംസിച്ചു. അഭിവന്ദ്യരായ ഏബ്രഹാം മാർ യൂലിയോസ്

(മൂവാറ്റുപുഴ മെത്രാപ്പോലീത്താ), തോമസ് മാർ അന്തോണിയോസ് (കൂരിയാ മെത്രാൻ), റവ. ഡോ. ജോൺ കൊച്ചുതുണ്ടിൽ (മലങ്കര സെമിനാരി റക്ടർ) എന്നിവർ സംബന്ധിച്ചു. തുടർന്ന് അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് (മെത്രാപ്പോലീത്താ, മൂവാറ്റുപുഴ ഭദ്രാസനം), റവ. ഡോ. വർഗീസ് മഠത്തിക്കുന്നത്ത് (പ്രൊഫസർ, മലങ്കര സെമിനാരി, തിരുവനന്തപുരം) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. രണ്ടാം ദിവസമായ വ്യാഴാഴ്ച റവ. ഡോ. കുഞ്ചിറ പത്തിൽ സി.എം.ഐ. (മുൻ പ്രസിഡന്റ് ധർമ്മാരാം വിദ്യാക്ഷേത്രം, ബാംഗ്ലൂർ), റവ. ഡോ. നമിത എസ്.ഐ.സി. (ഡയറക്ടർ, മിസിയോളജിക്കൽ-തിയോളജിക്കൽ സെന്റർ, തിരുവനന്തപുരം), ശ്രീമതി പുഷ്പ അഗസ്റ്റിൻ (റിട്ട. പ്രൊഫ. സെന്റ് സേവ്യേഴ്സ് കോളേജ്, തുമ്പ), വെരി. റവ. ഡോ. മത്തായി കടവിൽ ഒ.ഐ.സി. (പ്രൊവിഷ്യൽ സുപ്പീരിയർ, നവജ്യോതി പ്രോവിൻസ് തിരുവല്ല) എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സമാപന സമ്മേളനത്തിൽ മോറാൻ മോർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവാ അഭിവന്ദ്യരായ ഏബ്രഹാം മാർ യൂലിയോസ്, വിൻസെന്റ് മാർ പൗലോസ് എന്നീ പിതാക്കന്മാർ സന്നിഹിതരായിരുന്നു. തദവസരത്തിൽ ഫാ. പ്രഭീഷ് ജോർജ് ഏവർക്കും കൃതജ്ഞത അർപ്പിച്ചു. അഭിവന്ദ്യ ഏബ്രഹാം മാർ യൂലിയോസ് തിരുമേനി (ചെയർമാൻ, ദൈവശാസ്ത്ര കമ്മീഷൻ), റവ. ഡോ. ചെറിയാൻ കോട്ടയിൽ (സെക്രട്ടറി, ദൈവശാസ്ത്ര കമ്മീഷൻ) എന്നിവർ പഠനശിബിരത്തിന് നേതൃത്വം നൽകി.

## 81-ാം പുനരൈക്യ വാർഷികാഘോഷവും കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശയും

81-ാം പുനരൈക്യവാർഷികാഘോഷങ്ങൾ സെപ്തംബർ 18, 19, 20 തീയതികളിൽ കാതോലിക്കേറ്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ പട്ടം കത്തീഡ്രൽ ദൈവാലയാങ്കണത്തിൽവച്ച് നടക്കുന്നു. സെപ്തംബർ 18-ാം തീയതി ആരംഭിക്കുന്ന മലങ്കര സുറിയാനി കത്തോലിക്കാ കൺവെൻഷനോടുകൂടി ആഘോഷങ്ങൾക്ക് പ്രാരംഭം കുറി

ക്കുന്നു. സെപ്തംബർ 21-ാം തീയതി രാവിലെ പരി. കാതോലിക്കാബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ അർപ്പിക്കുന്ന വി. കുർബാനയോടും മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ ആസ്ഥാന കാര്യാലയമായ കാതോലിക്കേറ്റ് സെന്ററിന്റെ കൂദാശയോടുംകൂടി ആഘോഷങ്ങൾ സമാപിക്കുന്നതാണ്.

## പ്രഥമ മലങ്കര സുറിയാനി കത്തോലിക്കാ സഭ അസംബ്ലി

പ്രഥമ മലങ്കര സുറിയാനി കത്തോലിക്കാസഭ അസംബ്ലി 2011 സെപ്തംബർ 21 മുതൽ 23 വരെ കാതോലിക്കേറ്റ് സെന്ററിൽ സമ്മേളിക്കുന്നു. സഭയുടെ എല്ലാ ഭദ്രാസനങ്ങളിൽനിന്നും ഇന്ത്യയിലെ ഭദ്രാസനേതര പ്രദേശങ്ങളിൽനിന്നും അമേരിക്കൻ എക്സാർക്കേറ്റ്, കാനഡാ, യൂറോപ്പ്, ഗൾഫ് തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഉൾപ്പെടെ 180 പേർ സഭാ പ്രതിനിധികളായി അസംബ്ലിയിൽ സംബന്ധിക്കുന്നതാണ്. സഭാ അസംബ്ലി 21-ാം തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് ആരംഭിച്ച് 23-ാം തീയതി ഉച്ചകഴിഞ്ഞ് 4 മണിക്ക് അവസാനിക്കുന്നതാണ്.

സഭാതല അസംബ്ലിക്ക് ഒരുക്കമായി എല്ലാ ഭദ്രാസനങ്ങളിലും ഇന്ത്യയിലെ ഭദ്രാസനേതര പ്രദേശങ്ങളിലും അമേരിക്കയിലെ എക്സാർക്കേറ്റിലും അസംബ്ലികൾ നടത്തിയിരുന്നു. 'സുവിശേഷകയായ മലങ്കര സുറിയാനി കത്തോലിക്കാസഭ' എന്നതാണ് അസംബ്ലിയുടെ മുഖ്യവിഷയം.

## പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ്

മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 12-ാം സാധാരണ പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസ് 2011 സെപ്തംബർ 23 മുതൽ 25 വരെ കാതോലിക്കേറ്റ് സെന്ററിൽ സമ്മേളിക്കുന്നു. പ്രഥമ മലങ്കര സുറിയാനി കത്തോലിക്കാ സഭ അസംബ്ലിക്ക്ശേഷം നടക്കുന്ന പരിശുദ്ധ സുന്നഹദോസിന്റെ പ്രധാന ചർച്ചാവിഷയം പ്രസ്തുത അസംബ്ലിയുടെ നടപടികളും നിർദേശങ്ങളും പഠിക്കുകയും അവ അംഗീകരിച്ച് സഭയ്ക്ക് സമർപ്പിക്കുകയുമാണ്.

## തിരുവനന്തപുരം മേജർ അതിഭദ്രാസനം
## ദൈവദാസൻ ആർച്ച്ബിഷപ്പ്
## മാർ ഈവാനിയോസ്
## പിതാവിന്റെ നാമകരണനടപടികളുടെ കോ-പെറ്റീഷണർ

2010 നവംബർ 29 മുതൽ ഡിസംബർ 2 വരെ തിരുവന്തപുരം പട്ടം മേജർ ആർച്ചുബിഷപ്പ് ഹൗസിൽ വച്ചു നടന്ന മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ പത്താമത് പരിശുദ്ധ എപ്പിസ്ക്കോപ്പൽ സുന്നഹദോസിൽ, ദൈവദാസൻ ആർച്ച്ബിഷപ്പ് മാർ ഈവാനിയോസ്പിതാവിന്റെ നാമകരണ നടപടികളുടെ കാനോനിക അപേക്ഷകരായ സന്യാസ സമുഹങ്ങളോടു ചേർന്ന് (ബഥനി മിശിഹാനുകരണ സന്യാസ സമൂഹം, ബഥനി മിശിഹാനുകരണ സന്യാസിനി സമൂഹം, മേരി മക്കൾ സന്യാസിനി സമൂഹം) തിരുവനന്തപുരം മേജർ അതിഭദ്രാസനം അപേക്ഷകരിൽ ഒരാൾ ആകുന്നതിനും തീരുമാനിച്ചിരുന്നു. അതനുസരിച്ച് റോമിലെ വിശുദ്ധരുടെ നാമകരണ നടപടി കാര്യാലയത്തിൽ ഇതിന്റെ നിയമപരമായ അംഗീകാരത്തിനുള്ള അപേക്ഷ 2011 ഏപ്രിൽ 14ന് സമർപ്പിച്ചു. 2011 ജൂൺ 13 ന് ഈ അപേക്ഷ അംഗീകരിക്കപ്പെട്ടു. ഇതിൻ പ്രകാരം അപേക്ഷകരുടെ ഒരു സംയുക്ത സമ്മതപത്രം പരിശുദ്ധ കാതോലിക്കാബാവാ തയ്യാറാക്കി റോമിലേക്ക് അയയ്ക്കുകയും അതിന് അന്തിമ അംഗീകാരം 2011 ആഗസ്റ്റ് 18 ന് റോമിൽ നിന്ന് ലഭിക്കുകയും ചെയ്തു.

അതിൻ പ്രകാരം ഇനിമുതൽ തിരുവനന്തപുരം മേജർ അതി രൂപത, ബഥനി സന്യാസ സമൂഹം (OIC), ബഥനി സന്യാസിനി സമൂഹം (SIC), മേരിമക്കൾ സന്യാസിനി സമൂഹം (DM) എന്നിവർ സംയുക്തമായി അപേക്ഷകരെന്ന നിലയിൽ പ്രവർത്തിക്കുന്നതാണ്.

# മേജർ അതിരൂപതാ വാർത്തകൾ

## മള്ളിയൂർ അപൂർവ്വ വ്യക്തിത്വം:
## പരി. കാതോലിക്കാബാവ

ഓഗസ്റ്റ് 2 ന് അന്തരിച്ച ഭാഗവത ഹംസം മള്ളിയൂർ ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നിര്യാണത്തിൽ മോറാൻ മോർ ബസേലിയോസ് ക്ലീമീസ് കാതോലിക്കാബാവ അനുശോചനം അറിയിച്ചു. "അപരന്റെ മനസ്സിൽ ആനന്ദവും ദൈവീകചൈതന്യവും നിറയ്ക്കാൻ കഴിയുന്ന അപൂർവ്വ വ്യക്തിത്വങ്ങളിലൊന്നാണ് മള്ളിയൂർ ശങ്കരൻ നമ്പൂതിരിപ്പാട്" എന്ന് പരി. കാതോലിക്കാബാവ അനുസ്മരിച്ചു. മള്ളിയൂർ ഇല്ലത്തെത്തിയാണ് പരി. കാതോലിക്കാബാവ അന്തിമോപചാരമർപ്പിച്ചത്.

ബഥനി സന്യാസിനി സമൂഹത്തിന്റെ തിരുവനന്തപുരം പ്രോവിൻസിന്റെ കീഴിലുള്ള ചക്കമല ബഥനി സന്യാസിനി മഠത്തിനുവേണ്ടി പുതുതായി പണികഴിപ്പിച്ച കെട്ടിടത്തിന്റെ കൂദാശ ആഗസ്റ്റ് മാസം 14-ാം തീയതി പരി. കാതോലിക്കാബാവ നിർവ്വഹിച്ചു. ബഥനി സന്യാസിനി സമൂഹത്തിന്റെ തിരുവനന്തപുരം പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. ഡോ. ആർദ്ര എസ്. ഐ. സി., ബഹു. വൈദീകർ, സിസ്റ്റേഴ്സ് എന്നിവർ സന്നിഹിതരായിരുന്നു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തിരുവനന്തപുരം മേജർ അതിരൂപതയുടെ കീഴിലുള്ള നാലാഞ്ചിറ മാർ ഈവാനിയോസ് കോളേജിനും മാർ തിയോഫിലോസ് കോളേജിനും അഞ്ചൽ സെന്റ് ജോൺസ് കോളേജിനും കൂടാതെ 39 എയ്ഡഡ് സ്കൂളുകൾക്കും ദേശീയ ന്യൂനപക്ഷകമ്മീഷന്റെ (എൻ.സി.എം.) ന്യൂനപക്ഷപദവി ലഭിച്ചു. ഓഗസ്റ്റ് മാസം 16-ാം തീയതി ഡൽഹിയിൽ ചേർന്ന സിറ്റിംഗിൽ മൂന്നംഗ ബഞ്ചാണ് ന്യൂനപക്ഷപദവി പ്രഖ്യാപിച്ചത്.

നാലാഞ്ചിറ സർവോദയ സെൻട്രൽ സ്കൂളിന്റെ പ്രധാന അദ്ധ്യാപകനായി കഴിഞ്ഞ 10 വർഷമായി സേവനം അനുഷ്ഠിച്ചിരുന്ന ഷെവലിയാർ ഡോ. ആന്റണി ഈപ്പന് ആഗസ്റ്റ് 19-ാം തീയതി യാത്രയയപ്പ്

നൽകി. യാത്രയയപ്പ് സമ്മേളനത്തിൽ ഏറെ വർഷം മാർഇൗവാനിയോസ് കോളേജ് അദ്ധ്യാപകനായും പ്രിൻസിപ്പാളായും തുടർന്ന് സർവോദയ സ്കൂൾ അദ്ധ്യാപകനായും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച ശേഷം വിരമിക്കുന്ന ഷെവലിയാർ ഡോ. ആന്റണി ഈപ്പന് മേജർ അതിരൂപതയുടെ നന്ദിയും സ്നേഹവും പരിശുദ്ധ കാതോലിക്കാ ബാവ അറിയിച്ചു. ഗതാഗത ദേവസ്വം വകുപ്പ് മന്ത്രി ശ്രീ. വി. എസ്. ശിവകുമാർ പ്രസ്തുത സമ്മേളനത്തിൽ സന്നിഹിതനായിരുന്നു. സ്തുതത്യർഹമായ സേവനം അനുഷ്ഠിച്ച ഷെവലിയാർ ഡോ. ആന്റണി ഈപ്പന് മേജർ അതിരൂപതയുടെ യാത്രാമംഗളങ്ങൾ.

**സെപ്റ്റംബർ മാസം 10–ാം തീയതി നടത്താൻ നിശ്ചയിച്ചിരുന്ന സെമിനാർ ചില സാങ്കേതിക കാരണങ്ങളാൽ മാറ്റിവച്ചിരിക്കുന്നു.**

## കൂദാശ ചെയ്തു

നാലാഞ്ചിറ മാർ ഈവാനിയോസ് വിദ്യാനഗറിൽ പുതുതായി ആരംഭിക്കുന്ന **മാർ ഗ്രീഗോറിയോസ് സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിന്റെ** ശിലാസ്ഥാപന കർമ്മം പരി. കാതോലിക്കാ ബാവതിരുമനസ്സ് കൊണ്ട് 29-08-2011 നിർവഹിച്ചു. അഭിവന്ദ്യ സാമുവേൽ മാർ ഐറേനിയോസ് പിതാവും അഭിവന്ദ്യ തോമസ് മാർ അന്തോണിയോസ് പിതാവും ബഹു. വൈദികരും പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ജോൺ മത്തായി IAS, അൽമായ പ്രതിനിധികളും പങ്കെടുത്തു.

2011 ആഗസ്റ്റ് 29-ാം തീയതി തിങ്കളാഴ്ച കേരള സ്റ്റേറ്റ് പട്ടികജാതി പട്ടികവർഗ്ഗ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ ദളിത് ക്രൈസ്തവ സംവരണ സംസ്ഥാന സമ്മേളനം സംഘടിപ്പിക്കപ്പെട്ടു. ക്രൈസ്റ്റ് ചർച്ച് സെന്റിനറി ഹാളിൽ സംഘടിപ്പിച്ച പ്രസ്തുത സമ്മേളനം പരിശുദ്ധ കാതാലിക്കാബാവ തിരുമനസ്സ്കൊണ്ട് ഉദ്ഘാടനം ചെയ്തു. ഡെപ്യൂട്ടി സ്പീക്കർ എൻ ശക്തൻ, മുൻ മന്ത്രി വൈക്കം വിശ്വൻ, രാഷ്ട്രീയ സാമൂഹിക സാംസ്കാരിക നേതാക്കളും പങ്കെടുത്തു.

മാനവമൈത്രി സന്ദേശം ഉയർത്തി തൈക്കാട് ഗാന്ധിഭവനിൽ കേരള ഗാന്ധിസ്മാരകനിധിയും ഗാന്ധിയൻ യുവജന വേദിയും നൂറുൽ ഇസ്ലാം യൂണിവേഴ്സിറ്റിയും സംയുക്തമായി സംഘടിപ്പിച്ച ഇഫ്താർ സംഗമത്തിൽ പരിശുദ്ധ കാതോലിക്കാ ബാവ പങ്കെടുത്തു.

സ്നേഹവും കരുണയും പങ്കുവയ്ക്കുന്ന കാര്യമാണ് പ്രവാചകനിലൂടെ ഈശ്വരൻ ഓർമ്മിപ്പിക്കുന്നതെന്നും, തിരുവചനത്തിൽ പറയുന്നത് സ്വാംശീകരിക്കാൻ സ്നേഹവും ത്യാഗവും ആവശ്യമാണെന്ന് ഓർമ്മപ്പെടുത്തുന്നതാണ് വ്രതാനുഷ്ഠാനമെന്നും പരിശുദ്ധ കാതോലിക്കാ ബാവ പ്രഭാഷണത്തിൽ പറഞ്ഞു. ഇഫ്താർ സംഗമത്തിൽ രാഷ്ട്രീയ നേതാക്കളും മത സാംസ്കാരിക നേതാക്കളും പങ്കെടുത്തു.

മൂന്നു ദിവസത്തെ കേരള സന്ദർശനത്തിനായി തിരുവനന്തപുരത്തെ ത്തിയ രാഷ്ട്രപതി പ്രതിഭാ പാട്ടീലിനെ പരി. കാതോലിക്കാബാവ സ്വീകരിച്ചു. രാഷ്ട്രീയ സാമൂഹിക സംസ്കാരിക നേതാക്കളും സ്വീക രണ ചടങ്ങിൽ സന്നിഹിതരായിരുന്നു.

വന്ദ്യ ഗീവർഗ്ഗീസ് മണ്ണിക്കരോട്ട് കോർ എപ്പിസ്കോപ്പായെ "Episcopal Vicar for Evangelization and Missions of the Major Archieparchy of Trivandrum" ആയി പരിശുദ്ധ കാതോലിക്കാബാവ നിയമിച്ചു. മേജർ അതിരൂപതയിലെ പ്രേഷിതരിലും വിശ്വാസി കളിലും സുവിശേഷ തീക്ഷ്ണത വർദ്ധിപ്പിക്കുന്നതിനും പുതിയ മിഷനുകൾ തുടങ്ങുന്നതിനുള്ള സാദ്ധ്യതകൾ കണ്ടുപിടിക്കു ന്നതിനുമുള്ള ചുമതലയാണ് വന്ദ്യ കോർ എപ്പിസ്കോപ്പായിൽ നിക്ഷിപ്തമായിരിക്കുന്നത്. വന്ദ്യ കോർ എപ്പിസ് കോപ്പായ്ക്ക് മേജർ അതിരൂപതയുടെ പ്രാർത്ഥനകൾ, ആശംസകൾ.!

തിരുവനന്തപുരം മേജർ അതിരൂപതയിൽ സേവനം അനുഷ്ഠിക്കുന്ന ബഹു. തോമസ് മേനക്കാട്ടിൽ അച്ചന്റെ വത്സ ലപിതാവ് മത്തായി ആഗസ്റ്റ് 3-ാം തീയതി നിര്യാതനായി. തിരുവനന്തപുരം മേജർ അതിരൂപതയുടെ ആദരാഞ്ജലികൾ.!

തിരുവനന്തപുരം മേജർ അതിരൂപതയുടെ എം.സി.വൈ. എം. ഡയറക്ടർ ബഹു. ബർണാർഡ് വലിയവിളയച്ചന്റെ വത്സലപിതാവ് മിഖായേൽ (രായപ്പൻ-72) ആഗസ്റ്റ് 5-ാം തീയതി നിര്യാതനായി. തിരുവനന്തപുരം മേജർ അതിരൂപ തയുടെ ആദരാഞ്ജലികൾ.!

തിരുവനന്തപുരം മേജർ അതിരൂപതയിലെ ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം ഒക്ടോബർ 9-ാം തീയതി ഞായറാഴ്ച വൈകിട്ട് 7-ന് ശ്രീകാര്യം മരിയറാണി സെന്ററിൽ വച്ച് നടക്കുന്നു. ബഹുമാനപ്പെട്ട സേവ്യർഖാൻ വട്ടായിലച്ചനും ടീമുമാണ് ധ്യാനം നയിക്കുന്നത്. കഴിഞ്ഞ വർഷത്തെ ധ്യാനത്തിന്റെ തുടർച്ച യായുള്ള Growth Retreat ആണ് ഈ വർഷം നടക്കുന്നത്. വാർഷിക ധ്യാനം 14-ാം തീയതി വെള്ളിയാഴ്ച സമാപിക്കും.

## വിശ്വാസപരിശീലന പരിപാലനകാര്യാലയം

ആഗസ്റ്റ് 13-ാം തീയതി 10 മണിക്ക് തിരുവനന്തപുരം മേജർ അതിഭദ്രാസനത്തിലെ സണ്ടേസ്ക്കൂൾ ജില്ലാ ഡയറക്ടർമാരുടെയും ജില്ലാകോഡിനേറ്റേഴ്സിന്റെയും അതിഭദ്രാസനത്തിലെ വിശ്വാസ പരിശീലന കേന്ദ്ര എക്സിക്യൂട്ടീവ് അംഗങ്ങളുടെയും സംയുക്ത യോഗം സമന്വയ പാസ്റ്ററൽ സെന്ററിൽവച്ച് നടന്നു.

മേജർ അതിഭദ്രാസന കാര്യാലയ ഡയറക്ടർ ബഹു. തോമസ് മുകളുംപുറത്ത് അച്ചൻ എല്ലാവരേയും സ്വാഗതം ചെയ്തു. തുടർന്ന് നടന്ന ചർച്ചയിൽ 2010 – 2011 അദ്ധ്യയനവർഷത്തെ എല്ലാ പ്രവർത്ത നങ്ങളേയും യോഗം വിലയിരുത്തി. 2011 – 2012 അദ്ധ്യയന വർഷത്തെ പരിപാടികളെക്കുറിച്ച് ചർച്ചചെയ്യുകയും ചെയ്തു. തുടർന്ന് നടന്ന പൊതുയോഗത്തിൽ പരിശുദ്ധ ബാവാ തിരുമേനി അദ്ധ്യക്ഷത വഹിച്ചു. അദ്ധ്യക്ഷ പ്രസംഗത്തിൽ ഇന്ന് മാറിവരുന്ന കുടുംബ പശ്ചാത്തലവും കുട്ടികളുടെ ജീവിതസാഹചര്യവും കണക്കിലെ ടുത്ത് വിശ്വാസസത്യങ്ങൾക്കും ക്രൈസ്തവമൂല്യങ്ങൾക്കും ഊന്നൽ

നല്കി വിശ്വാസപരിശീലനം നടത്തണം എന്ന് പരി. കാതോലിക്കാബാവാ അദ്ധ്യാപകരെ ഉദ്ബോധിപ്പിച്ചു. നമ്മുടെ അദ്ധ്യാപകർ ചെയ്യുന്ന ശുശ്രൂഷയെ ബാവാതിരുമേനി നന്ദിനിറഞ്ഞ ഹൃദയത്തോടെ പ്രോത്സാഹിപ്പിക്കുകയും ചെയ്തു. ശ്രീ ബിനുലാൽ പിതാവിനെ സ്വാഗതം ആശംസിക്കുകയും ശ്രീ. ഷാജു തേക്കിൻകാട്ടിൽ കൃതജ്ഞതയർപ്പിക്കുകയും ചെയ്തു. ഉച്ചയോടുകൂടി യോഗം സമാപിച്ചു.

2011 സെപ്തംബർ 10-ാം തീയതി ശനിയാഴ്ച നടത്താനിരുന്ന അതിരൂപത രചനാമത്സരങ്ങൾ സെപ്തംബർ മാസം 17-ാം തീയതി ശനിയാഴ്ച രാവിലെ 09.30 മുതൽ ജില്ലാകേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്.

രചനാമത്സരങ്ങൾക്കുള്ള സമയവിവരപട്ടിക ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| രാവിലെ | 09.30 മുതൽ | - | 09.50 വരെ വേദവാക്യ രചന |
| | 10.00 മുതൽ | - | 10.30 വരെ ബൈബിൾ ക്വിസ് |
| | 10.30 മുതൽ | - | 12.00 വരെ ചെറുകഥാരചന |
| | 12.00 മുതൽ | - | 01.30 വരെ കവിതാരചന |
| | 01.30 മുതൽ | - | 03.00 വരെ ചിത്രരചന |
| | 03.00 മുതൽ | - | 05.00 വരെ ഉപന്യാസരചന |

## എം. സി. എ. വാർത്തകൾ

## എം.സി.വൈ.എം. വാർത്തകൾ

### ഓണാഘോഷം

### യുവോൽസവം 2011

MCYM

MCYM

## കുടുംബ പ്രേഷിതകാര്യാലയം

### വിവാഹ ഒരുക്ക സെമിനാർ

**പ്രത്യേകശ്രദ്ധയ്ക്ക്**

**2 പാസ്പോർട്ട് സൈസ് ഫോട്ടോകൾ**

**മാതൃവേദി ജില്ലാ സെമിനാർ**

”

**മാതൃവേദി ജില്ലാ ഡയറക്ടർമാരുടെയും ആനിമേറ്റർമാരുടെയും യോഗം**

## ബൈബിൾ അപ്പോസ്റ്റലേറ്റ്

## എം.എസ്.എസ്. എസ്. വാർത്തകൾ

# അറിയിപ്പുകൾ

### വിദ്യാഭ്യാസ സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിക്കുന്നു

(A+=90 Marks, A=80 Marks,
B+ = 70 Marks, B=60 Marks, C+ = 50 Marks, C=40 Marks)

**BABU ABRAHAM**
Kizhakkedathu Mariam Complex
Pathanamthitta P.O. 689 645

# സ്മരണീയ ദിനങ്ങൾ

**2011 സെപ്റ്റംബർ**

1 വ്യാഴം - എട്ട് നോമ്പാരംഭം
2 വെള്ളി - മാർ ശെമവൂൻ ദസ്തൂനി
4 ഞായർ - തേജസ്കരണത്തിനുശേഷം അഞ്ചാം ഞായർ
5 തിങ്കൾ - വാഴ്ത്തപ്പെട്ട മദർ തെരേസ
8 വ്യാഴം - പരിശുദ്ധ ദൈവമാതാവിന്റെ ജനനപെരുന്നാൾ
- എട്ട് നോമ്പുവീടൽ
9 വെള്ളി - മാർ യൊവാക്കീമും വിശുദ്ധ ഹന്നായും
11 ഞായർ - തേജസ്കരണത്തിനുശേഷം ആറാം ഞായർ
14 ബുധൻ - സ്ലീബാ പെരുന്നാൾ
15 വ്യാഴം - വ്യാകുല മാതാവ്
16 വെള്ളി - വി. സിപ്രിയാൻ
18 ഞായർ - സ്ലീബായ്ക്ക് ഒന്നാം ഞായർ
19 തിങ്കൾ - വി. ജനുവാരിയൂസ്
21 ബുധൻ - മലങ്കര പുനരൈക്യ ദിനം
- തോമസ് മാർ യൗസേബിയോസ് തിരുമേനിയുടെ മെത്രാഭിഷേക വാർഷികം
25 ഞായർ - സ്ലീബായ്ക്ക് ശേഷം രണ്ടാം ഞായർ
27 ചൊവ്വ - വി. വിൻസെന്റ് ഡി പോൾ
28 ബുധൻ - സഖറിയാസ് മാർ അത്തനാസിയോസ് തിരുമേനിയുടെ ഓർമ്മ
29 വ്യാഴം - മുഖ്യ ദൂതന്മാരായ വി. മിഖായേൽ, വി. ഗബ്രിയേൽ, വി. റാഫായേൽ
30 വെള്ളി - വി. ജറോം, വി. സോഫിയാ

**2011 ഒക്ടോബർ**

1 ശനി - വി. കൊച്ചുത്രേസ്യ
2 ഞായർ - സ്ലീബായ്ക്ക് ശേഷം മൂന്നാം ഞായർ
- കാവൽ മാലാഖമാർ
- മലങ്കര കത്തോലിക്കാ യുവജന ദിനം

3 തിങ്കൾ - അരിയോപാഗസിലെ മാർ ദിവന്നാസിയോസ്

4 ചൊവ്വ - വി. ഫ്രാൻസിസ് അസ്സീസി,
മാർ ദുമാത്തിയോസ്

## പ്രാർത്ഥനയിൽ ഓർക്കാം

**2011 സെപ്റ്റംബർ**

6 : റവ. ഫാ. കോശി കുഴിമണ്ണിൽ
7 : റവ. ഫാ. ഡൊമ്മിക് സഖറിയാസ്
8 : റവ. ഫാ. ഗീവർഗ്ഗീസ് തെക്കേവീട്ടിൽ
11 : റവ. ഫാ. സഖറിയാസ് കിളീലേത്ത്
13 : റവ. ഫാ. ലൂയിസ് ഫിലിപ്പോസ്
14 : റവ. ഫാ. ഏ. ജി. എബ്രഹാം
14 : റവ. ഫാ. ജോർജ്ജ് തോമസ് തെക്കേടത്ത്
16 : റവ. ഫാ. അഗസ്റ്റിൻ വിരുപ്പേൽ
21 : റവ. ഫാ. എബ്രഹാം ആശാരിയേത്ത്
27 : റവ. ഫാ. അലക്സാണ്ടർ പനങ്കുന്നേൽ
29 : റവ. ഫാ. കെ. ജി. തോമസ് പണിക്കർ

## ജന്മദിനാശംസകൾ

**2011 സെപ്റ്റംബർ**

3 - റവ. ഫാ. ജോസ് കോന്നാത്തുവിള
6 - റവ. ഫാ. ജോൺ അരീയ്ക്കൽ
6 - റവ. ഫാ. ആന്റണി മരിയഭവൻ
8 - റവ. ഫാ. തോമസ് പെരുപ്പായിക്കാട്ട്
16 - റവ. ഫാ. കോശി അയ്യനേത്ത്
17 - റവ. ഫാ. ജേക്കബ് ജോൺ
26 - റവ. ഫാ. അഗസ്റ്റിൻ മംഗലത്ത്

# അഭിവന്ദ്യ കാതോലിക്കാബാവയുടെ പ്രോഗ്രാം

**സെപ്റ്റംബർ**

| | | |
|---|---|---|
| 1 | 5 pm | കുറവിലങ്ങാട് |
| 2 | 6.30 am | വലഞ്ചുഴി |
| 5 - 9 | | കുവൈറ്റ് |
| 10 | 2.30 pm | കൊച്ചി |
| 11 | 8.30 am | ചിരട്ടക്കോണം |
| | 2.00 pm | ചെന്നിത്തല |
| 13 - 15 | | പുത്തൂർ (കർണ്ണാടക) |
| 16 | 2.30 pm | നെല്ലിമൂട് |
| 17 | | കുമ്പഴ |
| 18 | 3.30 pm | കൊട്ടാരക്കര |
| 21 - 23 | | സഭാ അസംബ്ലി |
| 24 - 25 | | പരിശുദ്ധ സുന്നഹദോസ് |
| 28 - 30 | | സി.ബി.സി.ഐ. |

| | | |
|---|---|---|
| 1 | | സി.ബി.സി.ഐ. |
| 2 | 7.30 am | ഇളമാട് |
| 3 | 6.00 pm | പോങ്ങുംമൂട് |

